## മധുരമായ കുട്ടികളേ– ബാബക്കു സമാനം അപകാരികളോടും ഉപകാരം ചെയ്യാൻ പഠിക്കൂ, നിന്ദകരേയും തന്റെ മിത്രമാക്കി മാറ്റൂ.

**ചോദ്യം:–** ബാബയ്ക്ക് ഏതൊരു ദൃഷ്ടിയാണ് പക്കയായിട്ടുള്ളത്? നിങ്ങൾ കുട്ടികൾക്ക് ഏത് ദൃഷ്ടി പക്കായാക്കണം?

**ഉത്തരം:–** ബാബയ്ക്ക് ഈയൊരു ദൃഷ്ടിയാണ് പക്കാ ആയുള്ളത് – ഏതെല്ലാം ആത്മാക്കളുണ്ടോ എല്ലാവരും എന്റെ കുട്ടികളാണ്. അതുകൊണ്ടാണ് കുട്ടികളേ, കുട്ടികളേ എന്ന് വിളിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് ഒരിക്കലും ആരെയും കുട്ടികളേ കുട്ടികളേ എന്ന് വിളിക്കാൻ സാധിക്കില്ല. നിങ്ങൾക്ക് ഈയൊരു ദൃഷ്ടി പക്കായാക്കണം ആത്മാക്കളെല്ലാവരും എന്റെ സഹോദരങ്ങളാണ്. സഹോദരനെ കാണൂ, സഹോദരനോട് സംസാരിക്കൂ, ഇതിലൂടെയാണ് ആത്മീയ സ്നേഹമുണ്ടാകുക. ക്രിമിനൽ (വികാരി) ചിന്തകളില്ലാതാകും. നിന്ദിക്കുന്നവർ പോലും മിത്രമായി മാറും.

**ഓം ശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ആത്മീയ അച്ഛന്റെ പേരെന്താണ്? തീർച്ചയായും ശിവനെന്ന് പറയും. ബാബ എല്ലാവരുടെയും ആത്മീയ പിതാവാണ്, ബാബയെത്തന്നെയാണ് ഭഗവാനെന്നും പറയുന്നത്. നിങ്ങൾ കുട്ടികളിലും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് മനസ്സിലാക്കുന്നത്. ആകാശവാണിയെന്ന് പറയാറുണ്ടല്ലോ, ഇപ്പോൾ ഈ ആകാശവാണി ആരുടേതാണ്? ശിവബാബയുടെ. ഈ മുഖത്തെ(ബ്രഹ്മാമുഖം) ആകാശതത്വമെന്ന് പറയുന്നു. എല്ലാ മനുഷ്യരുടേയും ശബ്ദം ആകാശ തത്വത്തിലൂടെയാണ് വരുന്നത്. ആത്മാക്കളെല്ലാവരും തന്റെ പിതാവിനെ മറന്നുപോയിരിക്കുകയാണ്. അനേക പ്രകാരത്തിലുള്ള മഹിമ പാടിക്കൊണ്ടിരിക്കുന്നു. പക്ഷേ ഒന്നും തന്നെ അറിയുന്നില്ല. മഹിമ പാടുന്നത് ഇവിടെയാണ്. സുഖത്തിൽ ആരും തന്നെ ബാബയെ ഓർമ്മിക്കുന്നില്ല. സത്യയുഗത്തിൽ എല്ലാ മനോകാമനകളും പൂർത്തീകരിക്കപ്പെടുന്നു. ഇവിടെയാണെങ്കിൽ ധാരാളം ആഗ്രഹങ്ങളാണ്. മഴ പെയ്തില്ലെങ്കിൽ യജ്ഞം രചിക്കുന്നു. യജ്ഞം രചിക്കുന്നതിലൂടെ എപ്പോഴും മഴയുണ്ടാകണമെന്നില്ല. എവിടെയെങ്കിലും വരൾച്ച ഉണ്ടാകുമ്പോൾ യജ്ഞം രചിക്കുന്നു, പക്ഷേ യജ്ഞത്തിലൂടെ ഒന്നും തന്നെ സംഭവിക്കുന്നില്ല. ഇതെല്ലാം തന്നെ ഡ്രാമയനുസരിച്ചാണ് സംഭവിക്കുന്നത്. എന്തെല്ലാം ആപത്തുകൾ വരാനുണ്ടോ അതെല്ലാം വന്നുകൊണ്ടിരിക്കും. മനുഷ്യരെത്രയാണ് മരിച്ചു കൊണ്ടിരിക്കുന്നത്, എത്ര മൃഗങ്ങളാണ് മരിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യരെത്ര ദുഃഖിയാകുന്നു. എന്താ മഴയെ അവസാനിപ്പിക്കുന്നതിനായും എന്തെങ്കിലുമെല്ലാം യജ്ഞങ്ങളുണ്ടോ? എപ്പോഴാണോ പെട്ടന്നനെ മിസൈലുകളുടെ മഴയുണ്ടാകുന്നത് അപ്പോൾ യജ്ഞം രചിക്കുമോ? ഈ കാര്യങ്ങളെല്ലാം തന്നെ ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി. വേറെ ആരറിയാനാണ്.

ബാബ സ്വയം മനസ്സിലാക്കിത്തരികയാണ്, മനുഷ്യർ ബാബയുടെ മഹിമ പാടുകയും ചെയ്യും അതുപോലെ ആക്ഷേപിക്കുകയും ചെയ്യുന്നു. അത്ഭുതമാണ്, ബാബയുടെ ഗ്ലാനി എപ്പോൾ മുതലാണ് ആരംഭിച്ചത്? രാവണന്റെ രാജ്യം ആരംഭിച്ചതു മുതൽക്ക്. മുഖ്യമായ ഗ്ലാനി ചെയ്തതിതാണ് ഈശ്വരനെ സർവ്വവ്യാപിയെന്ന് പറഞ്ഞു, ഇതിലൂടെയാണ് താഴേക്ക് അധഃപതിച്ചത്. ആരാണോ നമ്മളെ നിന്ദിക്കുന്നത് അവർ നമ്മുടെ മിത്രമാണ് എന്നൊരു ചൊല്ലുണ്ട്. ആരാണ് ഏറ്റവും കൂടുതൽ ഗ്ലാനി ചെയ്യുന്നത്? നിങ്ങൾ കുട്ടികൾ. ഇപ്പോൾ നിങ്ങൾ തന്നെയാണ് മിത്രവുമായി മാറുന്നത്. വാസ്തവത്തിൽ മുഴുവൻ ലോകവും ഗ്ലാനി ചെയ്യുന്നുണ്ട്. അതിലും നിങ്ങളാണ് നമ്പർ വൺ, പിന്നീട് നിങ്ങൾ തന്നെയാണ് മിത്രവുമായി മാറുന്നത്. ഏറ്റവും സമീപത്തുള്ള മിത്രങ്ങൾ നിങ്ങൾ കുട്ടികളാണ്. പരിധിയില്ലാത്ത ബാബ പറയുകയാണ് എന്റെ നിന്ദ നിങ്ങൾ കുട്ടികളാണ് ചെയ്തത്. നിങ്ങൾ കുട്ടികൾ തന്നെയാണ് അപകാരികളായി മാറുന്നതും. ഡ്രാമ നോക്കൂ, എങ്ങനെയാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളതെന്ന്. ഇതെല്ലാം തന്നെ വിചാരസാഗരമഥനം ചെയ്യാനുള്ള കാര്യമാണ്. വിചാരസാഗരമഥനം ചെയ്യുന്നതിലൂടെ എത്ര അർത്ഥങ്ങളാണുണ്ടാകുന്നത്. മറ്റാർക്കും തന്നെ മനസ്സിലാക്കാൻ സാധിക്കുന്നില്ല. ബാബ പറയുകയാണ് നിങ്ങൾ കുട്ടികൾ പഠിച്ച് ഉപകാരം ചെയ്യുന്നു. യദാ യദാ ഹി... എന്നു തുടങ്ങുന്ന മഹിമയിൽ പറയുന്നതും ഭാരതത്തിന്റെ കാര്യമാണ്. കളി നോക്കൂ എങ്ങനെയുള്ളതാണ്! ശിവജയന്തി അഥവാ ശിവരാത്രിയും ആഘോഷിക്കുന്നുണ്ട്. വാസ്തവത്തിൽ അവതാരം ഒന്നാണ്. അവതാരത്തെ തൂണിലും–തുരുമ്പിലും ഉണ്ടെന്ന് പറഞ്ഞു. ബാബ പരിഭവം പറയുകയാണ്. ഗീതാപാഠികൾ ശ്ലോകങ്ങൾ വായിക്കുന്നുണ്ട്, പക്ഷേ അവർ പറയുന്നു ഞങ്ങൾക്കും ഇതിന്റെ അർത്ഥമൊന്നും തന്നെ അറിയില്ല.

നിങ്ങൾ തന്നെയാണ് ഏറ്റവും സ്നേഹികളായ കുട്ടികൾ. ആരോടു സംസാരിക്കുമ്പോഴും ബാബ കുട്ടികളേ-കുട്ടികളേ എന്ന് പറഞ്ഞ് സംസാരിക്കും. ബാബയ്ക്ക് ഈയൊരു ദൃഷ്ടി പക്കായായിത്തീർന്നു. എല്ലാ ആത്മാക്കളും എന്റെ കുട്ടികളാണ്. വായിലൂടെ കുട്ടികളേ എന്ന് വിളിക്കുന്നവരായി നിങ്ങളിൽ ഒരാൾ പോലുമുണ്ടാവില്ല. നിങ്ങൾക്കറിയാം ആര് ഏത് പദവിയിലുള്ളവരാണ്, ഓരോരുത്തരും ആരാണ് എന്നെല്ലാം. എല്ലാവരും ആത്മാക്കളാണ്. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്, അതുകൊണ്ട് ദുഃഖത്തിന്റേയോ- സന്തോഷത്തിന്റേയോ കാര്യമില്ല. എല്ലാവരും ബാബയുടെ കുട്ടികളാണ്. ചിലർ-തൂപ്പുകാരന്റെ ശരീരത്തെ ധാരണ ചെയ്യുന്നു, ചിലർ മറ്റൊരു ശരീരം ധാരണ ചെയ്യുന്നു. ആരെയാണെങ്കിലും ബാബയ്ക്ക് കുട്ടികളേ, കുട്ടികളേ എന്ന് വിളിച്ച് ശീലമായി. ബാബയുടെ ദൃഷ്ടിയിൽ എല്ലാവരും ആത്മാക്കളാണ്. അതിലും പാവപ്പെട്ടവരെയാണ് ബാബയ്ക്ക് വളരെ നല്ലതായി തോന്നുന്നത്, കാരണം ഡ്രാമയനുസരിച്ച് അവരാണ് വളരെയധികം ഗ്ലാനി ചെയ്തവർ. ഇപ്പോൾ വീണ്ടും എന്റെയടുക്കലെത്തി. ഈ ലക്ഷ്മീനാരായണനെ മാത്രം ആരും ഒരിക്കലും ഗ്ലാനി ചെയ്യുന്നില്ല. കൃഷ്ണനെയും വളരെയധികം ഗ്ലാനി ചെയ്യുന്നുണ്ട്. അത്ഭുതമല്ലേ. കൃഷ്ണൻ വലുതായിത്തീരുമ്പോൾ (നാരായണനെ) ആരും തന്നെ ഗ്ലാനി ചെയ്യുന്നില്ല. ഈ ജ്ഞാനം എത്ര അത്ഭുതമാണ്. ഇത്രയും ആഴമേറിയ കാര്യങ്ങളെ ആർക്കും തന്നെ മനസ്സിലാക്കാൻ സാധിക്കുന്നില്ല, ഇതിനു വേണ്ടത് സ്വർണ്ണ പാത്രമാണ്. ഓർമ്മയാകുന്ന യാത്രയിലൂടെയാണ് ബുദ്ധി സ്വർണ്ണപാത്രമായിത്തീരുക. ഇവിടെയിരിക്കുമ്പോഴും യഥാർത്ഥ രീതിയിൽ ഓർമ്മിക്കുന്നില്ല. നമ്മൾ ചെറിയൊരു ആത്മാവാണെന്നു പോലും മനസ്സിലാക്കുന്നില്ല, ബുദ്ധിയിലൂടെയാണ് ഓർമ്മിക്കുന്നത്. ഈ കാര്യം ബുദ്ധിയിലേക്കു വരുന്നില്ല. ചെറിയൊരു ആത്മാവായ ബാബ നമ്മുടെ ടീച്ചറുമാണ്, അച്ഛനുമാണ്, ഇതെല്ലാം തന്നെ ബുദ്ധിയിൽ വരുക എന്നുള്ളത് അസംഭവ്യമായ കാര്യമാണ്. എല്ലാവരും ബാബ-ബാബ എന്ന് പറയുന്നുണ്ട്, ദുഃഖത്തിൽ എല്ലാവരും സ്മരിക്കുന്നു. ഭഗവാനുവാച-ദുഃഖത്തിൽ എല്ലാവരും എന്നെ സ്മരിക്കുന്നു, സുഖത്തിൽ ആരും തന്നെ ഓർമ്മിക്കുന്നില്ല. സുഖത്തിന്റെ സമയത്ത് ആർക്കും തന്നെ ഓർമ്മിക്കേണ്ട ആവശ്യമില്ല. ഇവിടെ ഇത്രയും ദുഃഖവും ആപത്തുകളുമാണ് ഉണ്ടാകുന്നത്, എല്ലാവരും ഈശ്വരനെ ഓർമ്മിക്കുന്നു, അല്ലയോ ഭഗവാനേ ദയകാണിക്കൂ, കൃപ കാണിക്കൂ. ഇപ്പോൾ ബാബയുടെ കുട്ടികളായി മാറിയശേഷവും പലരും എഴുതാറുണ്ട് - കൃപ കാണിക്കൂ, ശക്തി നൽകൂ, ദയ കാണിക്കൂ. ബാബ മറുപടിയായി എഴുതുന്നു-ശക്തി സ്വയം തന്നെ യോഗബലത്തിലൂടെ നേടിയെടുക്കൂ. സ്വയം തന്നെ തന്റെ മേൽ കൃപയും ദയയും കാണിക്കൂ. സ്വയം സ്വയത്തിനു തന്നെ രാജതിലകം നൽകൂ. എങ്ങനെ നൽകാൻ സാധിക്കും, എന്നതിന്റെ യുക്തിയും ബാബ പറഞ്ഞു തരുന്നു. ടീച്ചർ പഠിക്കാനുള്ള യുക്തി പറഞ്ഞുതരികയാണ് ചെയ്യുക. വിദ്യാർത്ഥിയുടെ ജോലിയാണ് പഠിക്കുക, നിർദ്ദേശമനുസരിച്ച് മുന്നോട്ടുപോവുക എന്നത്. കൃപയോ ആശീർവ്വാദമോ കാണിക്കുക എന്നുള്ളത് ഗുരുവിന്റെ ജോലിയാണ്, അത് ഒരിക്കലും ടീച്ചർക്ക് ചെയ്യാൻ സാധിക്കില്ല. ആരാണോ നല്ല കുട്ടികൾ അവർ വേഗതയിൽ ഓടി മുന്നേറുന്നു. ഓരോരുത്തരും സ്വതന്ത്രരാണ്, എത്രത്തോളം ഓടി മുന്നേറാൻ സാധിക്കുമോ അത്രയും ചെയ്തു കാണിക്കാം. ഓർമ്മയാകുന്ന യാത്രയെ തന്നെയാണ് ഓട്ടം എന്നു പറയുന്നത്.

ഓരോരോ ആത്മാവും സ്വതന്ത്രരാണ്. സഹോദരീ-സഹോദരൻ എന്ന ബന്ധത്തിൽനിന്നു പോലും മുക്തമാക്കി, സഹോദര-സഹോദരനെന്നു മനസ്സിലാക്കാൻ പറഞ്ഞിട്ടും ക്രിമിനൽ(വികാരി) ദൃഷ്ടി മാറുന്നില്ല. അത് തന്റേതായ ജോലി ചെയ്തുകൊണ്ടേയിരിക്കുന്നുണ്ട്. ഈ സമയം മനുഷ്യന്റെ ഓരോ അവയവയങ്ങളും ക്രിമിനലാണ്. ആരെയെങ്കിലും കാലുകൊണ്ട് ചവിട്ടി, മുഷ്ടി ചുരുട്ടി ഇടിച്ചു അപ്പോൾ അവയവം ക്രിമിനലായില്ലേ. ഓരോ അവയവവും വികാരിയാണ്. സത്യയുഗത്തിൽ ആരുടേയും അവയവം വികാരിയായിരിക്കില്ല. ഇവിടെ ഓരൊ അവയവങ്ങളിലൂടെയും വികാരി ജോലിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ വികാരിയായ അവയവം ഏതാണ്? കണ്ണുകൾ. വികാരത്തിന്റെ ആശ പൂർത്തീകരിക്കപ്പെട്ടില്ലെങ്കിൽ പിന്നീട് കൈവയ്ക്കാനും തുടങ്ങും. ആദ്യമാദ്യം കണ്ണാണ്. സൂർദാസിന്റെ കഥ കേട്ടിട്ടില്ലേ. ശിവബാബ ശാസ്ത്രങ്ങളൊന്നും തന്നെ പഠിച്ചിട്ടില്ല. ബ്രഹ്മാബാബയാകുന്ന രഥം പഠിച്ചിട്ടുണ്ട്. ശിവബാബയെ ജ്ഞാനത്തിന്റെ സാഗരൻ എന്നാണ് പറയുന്നത്. നിങ്ങൾക്കറിയാം ശിവബാബ പുസ്തകങ്ങളെടുത്ത് വായിക്കുന്നില്ലെന്ന്. ഞാൻ നോളേജ്ഫുള്ളാണ്, ബീജരൂപനാണ്. ഇത് സൃഷ്ടിയാകുന്ന വൃക്ഷമാണ്, ഇതിന്റെ രചയിതാവ് ബാബയാണ്, ബാബ ബീജമാണ്. ബാബ മനസ്സിലാക്കിത്തരികയാണ് ഞാൻ വസിക്കുന്നത് മൂലവതനത്തിലാണ്. ഇപ്പോൾ ഞാൻ ഈ ബ്രഹ്മാ ശരീരത്തിലുണ്ട്. ഞാൻ ഈ സൃഷ്ടിയുടെ ബീജരൂപനാണെന്ന് മറ്റാർക്കും തന്നെ പറയാൻ സാധിക്കില്ല. ഞാൻ പരമപിതാ പരമാത്മാവാണെന്നും ആർക്കും തന്നെ പറയാൻ സാധിക്കില്ല. വിവേകശാലികളായ ആരോടെങ്കിലും ഈശ്വരൻ സർവ്വ വ്യാപിയാണെന്ന് പറയുകയാണെങ്കിൽ അവർ പെട്ടെന്ന് തന്നെ ചോദിക്കും എന്താ നിങ്ങളും ഈശ്വരനാണോ? എന്താ നിങ്ങൾ അള്ളാഹു അഥവാ പ്രഭുവാണോ?

ഒരിക്കലും ആയിത്തീരാൻ സാധ്യമല്ല. പക്ഷേ ഈ സമയത്ത് ആരും തന്നെ ഇത്ര വിവേകശാലികളായില്ല. അള്ളാഹുവിനെക്കുറിച്ചും ആരും അറിയുന്നില്ല, സ്വയം ഞാൻ തന്നെയാണ് അള്ളാഹു എന്നു പറയുന്നു. ഇംഗ്ലീഷിൽ പറയുന്നു ഓംനിപ്രസന്റ് (സർവ്വവ്യാപി). അർത്ഥം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ ഒരിക്കലും ഇങ്ങനെ പറയില്ല. കുട്ടികൾക്ക് ഇപ്പോൾ അറിയാം ശിവബാബയുടെ ജയന്തി തന്നെയാണ് പുതിയ വിശ്വത്തിന്റെ ജയന്തി. അതിൽ പവിത്രതയും സുഖവും ശാന്തിയും എല്ലാം ഉണ്ടാവും. ശിവജയന്തി തന്നെയാണ് കൃഷ്ണ ജയന്തി, അതുതന്നെയാണ് ദസറജയന്തിയും. ശിവജയന്തി തന്നെയാണ് ദീപാവലിജയന്തി, ശിവജയന്തിതന്നെയാണ് സ്വർഗ്ഗജയന്തിയും. ഈ ഒന്നിൽത്തന്നെ എല്ലാ ജയന്തികളും അടങ്ങിയിരിക്കുന്നു. ഈ പുതിയ കാര്യങ്ങളെല്ലാം തന്നെ ബാബ വന്ന് മനസ്സിലാക്കിത്തരികയാണ്. ശിവജയന്തി തന്നെയാണ് ശിവാലയജയന്തി, വേശ്യാലയം മരിക്കുന്നു. ഈ പുതിയ കാര്യങ്ങളെല്ലാം തന്നെ ബാബ മനസ്സിലാക്കിത്തരികയാണ്. ശിവജയന്തി തന്നെയാണ് പുതിയലോകത്തിന്റെ ജയന്തി. ലോകത്തിൽ ശാന്തിയുണ്ടാകണമെന്ന് ആഗ്രഹിക്കാറില്ലേ. നിങ്ങൾ എത്രനല്ലരീതിൽ മനസ്സിലാക്കിക്കൊടുത്താലും, മനുഷ്യർ ഉണരുന്നില്ല. അജ്ഞാന അന്ധകാരത്തിൽ ഉറങ്ങിക്കൊണ്ടിരിക്കുകയാണ്. ഭക്തി ചെയ്ത് ഏണിപ്പടി താഴേക്കിറങ്ങി വരികയാണ്. ബാബ പറയുകയാണ് ഞാൻ വന്ന് എല്ലാവരുടേയും സദ്ഗതി ചെയ്യുന്നു. സ്വർഗ്ഗത്തിന്റേയും നരകത്തിന്റേയും രഹസ്യം നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കിത്തരികയാണ്. പത്രങ്ങളിൽ നിങ്ങളുടെ ഗ്ലാനി ചെയ്യുന്നവർക്ക് നിങ്ങൾ എഴുതണം – ആര് ഞങ്ങളെ നിന്ദിക്കുന്നുവോ അവർ ഞങ്ങളുടെ മിത്രങ്ങളാണ്. ഞങ്ങൾ തീർച്ചയായും നിങ്ങളുടേയും സദ്ഗതി ചെയ്യും, എത്ര വേണമെങ്കിലും ആക്ഷേപിച്ചോളൂ. നിങ്ങൾ ഈശ്വരന്റെ ഗ്ലാനിയാണ് ചെയ്യുന്നത് ഞങ്ങൾക്കൊന്നും തന്നെ സംഭവിക്കില്ല. നിങ്ങളുടെ സദ്ഗതി ഞങ്ങൾ തീർച്ചയായും ചെയ്യും. നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ പോലും മൂക്കിനു പിടിച്ചു കൊണ്ടുപോകും. ഇതിൽ പേടിക്കേണ്ട കാര്യമില്ല, എന്തു ചെയ്തിട്ടുണ്ടോ അത് കൽപം മുമ്പും ചെയ്തതാണ്. ഞങ്ങൾ ബി.കെ(ബ്രഹ്മാകുമാരിമാർ) എല്ലാവരുടേയും സദ്ഗതി ചെയ്യുന്നവരാണ്. നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കണം. കൽപം മുൻപും അബലകളുടെ മേൽ അത്യാചാരങ്ങൾ ഉണ്ടായതാണ്, ഇത് കുട്ടികൾ മറന്നുപോകുന്നു. ബാബ പറയുകയാണ് പരിധിയില്ലാത്ത കുട്ടികളെല്ലാവരും എന്നെ ആക്ഷേപിച്ചു. ഏറ്റവും സ്നേഹികളായ മിത്രങ്ങളും കുട്ടികൾ തന്നെയാണ്. ചെറിയകുട്ടികളെ പുഷ്പങ്ങൾ എന്നാണ് പറയുക. മാതാവും പിതാവും കുട്ടികളെ ചുംബിക്കുന്നു, ശിരസ്സിനു മുകളിലാണ് അവർക്ക് സ്ഥാനം നൽകുക, അവരുടെ സേവനം ചെയ്യുന്നു. ബാബയും നിങ്ങൾ കുട്ടികളുടെ സേവനം ചെയ്യുന്നു.

ഇപ്പോൾ നിങ്ങൾക്ക് ഈ ജ്ഞാനം ലഭിച്ചുകഴിഞ്ഞു, ഇത് നിങ്ങൾ കൂടെക്കൊണ്ടുപോകും. ആരാണോ ഈ ജ്ഞാനം നേടാത്തവർ അവരുടെ പാർട്ട് ഡ്രാമയിൽ അങ്ങനെയാണ്. അവർ ആ പാർട്ടാണ് അഭിനയിക്കുക. കർമ്മക്കണക്കുകൾ പൂർത്തിയാക്കിയതിനുശേഷം വീട്ടിലേക്ക് പോകും. സ്വർഗ്ഗം കാണാൻ സാധിക്കില്ല. എല്ലാവരും സ്വർഗ്ഗം കാണുന്നില്ല. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. വൈകി വരുന്നവർ ധാരാളം പാപങ്ങൾ ചെയ്യുന്നു. തമോപ്രധാനതയുള്ളവർ വളരെ വൈകിയാണ് വരിക. ഈ രഹസ്യവും വളരെ നന്നായി മനസ്സിലാക്കേണ്ടതാണ്. നല്ല നല്ല മഹാരഥികളായ കുട്ടികൾക്കും ഗ്രഹപ്പിഴയുണ്ടാകുമ്പോൾ പെട്ടെന്നു ദേഷ്യത്തിലേക്ക് വന്നാൽ പിന്നീട് കത്തുപോലും എഴുതില്ല. ബാബ പറയുന്നു, അങ്ങനെയുള്ളവർക്ക് മുരളി അയക്കുന്നത് അവസാനിപ്പിക്കൂ. ഇങ്ങനെയുള്ളവർക്ക് ബാബയുടെ ഖജനാവ് നൽകുന്നതിലൂടെ എന്തു പ്രയോജനമാണുള്ളത്. പിന്നീട് ചിലരുടെ കണ്ണുകൾ തുറക്കുമ്പോൾ പറയും ഞങ്ങളിൽ നിന്നും തെറ്റ് സംഭവിച്ചു എന്ന്. ചിലർക്ക് ഇതിനെക്കുറിച്ചുള്ള ചിന്തയേ ഉണ്ടായിരിക്കില്ല. ഇത്രയും തെറ്റുകൾ ചെയ്യാൻ പാടില്ല. ഇങ്ങനെ ധാരാളം പേരുണ്ട്, അവർ ബാബയെ ഓർമ്മിക്കുന്നുമില്ല, ആരെയും തനിക്കുസമാനമാക്കി മാറ്റുന്നുമില്ല. ഇല്ലെങ്കിൽ ബാബക്ക് എഴുതണം – ബാബാ, ഞങ്ങൾ ഓരോ നിമിഷവും അങ്ങയെ ഓർമ്മിക്കുന്നു. ചിലർ ഇങ്ങിനെയുമുണ്ട്, എല്ലാവരുടേയും പേരെഴുതും, ഇന്ന വ്യക്തിക്ക് ഓർമ്മ നൽകണം എന്നെല്ലാം, എന്നാൽ ഈ ഓർമ്മ സത്യമല്ല. ഇവിടെ അസത്യം മുന്നോട്ട് പോകില്ല. ഉള്ളിൽ ഹൃദയം കുത്തിക്കൊണ്ടേയിരിക്കും. കുട്ടികൾക്ക് വളരെ നല്ല പോയിന്റുകളാണ് മനസ്സിലാക്കിത്തരുന്നത്. അനുദിനം ബാബ ആഴമേറിയ കാര്യം മനസ്സിലാക്കിത്തരികയാണ്. ദുഃഖത്തിന്റെ പർവ്വതം വീഴാൻ പോവുകയാണ്. സത്യയുഗത്തിൽ ദുഃഖത്തിന്റെ പേരുപോലും ഉണ്ടാകില്ല. ഇപ്പോൾ രാവണരാജ്യമാണ്. മൈസൂരിലെ രാജാവ് രാവണന്റെ കോലമുണ്ടാക്കി ദസറ വളരെ നന്നായി ആഘോഷിക്കുന്നുണ്ട്. രാമനെ ഭഗവാനെന്ന് പറയുന്നു. രാമന്റെ സീതയെയാണ് രാവണൻ മോഷ്ടിച്ചു കൊണ്ടു പോയതെന്നു പറയുന്നു. രാമൻ സർവ്വശക്തിവാനാണ്, അപ്പോൾ രാമനിൽനിന്നും എങ്ങനെ മോഷ്ടിച്ചെടുക്കും. ഇതെല്ലാം തന്നെ അന്ധവിശ്വാസമാണ്. ഈ സമയത്ത് ഓരോരുത്തരിലും 5 വികാരങ്ങളുടെ അഴുക്കാണ്. ഭഗവാനെ സർവ്വവ്യാപിയെന്ന് പറയുന്നത് വളരെ വലിയ അസത്യമാണ്. അപ്പോഴാണ് ബാബ പറയുന്നത് – യദാ യദാ ഹി... ഞാൻ വന്ന് സത്യമായ ഖണ്ഡം, സത്യമായ ധർമ്മത്തിന്റെ

സ്ഥാപന ചെയ്യുന്നു. സത്യഖണ്ഡമെന്ന് സത്യയുഗത്തെയും, അസത്യഖണ്ഡമെന്ന് കലിയുഗത്തെയും പറയുന്നു. ഇപ്പോൾ ബാബ അസത്യഖണ്ഡത്തെ സത്യഖണ്ഡമാക്കി മാറ്റുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ ഗുഹ്യവും അത്ഭുതകരവുമായ ജ്ഞാനത്തെ മനസ്സിലാക്കുന്നതിനുവേണ്ടി ബുദ്ധിയെ ഓർമ്മയുടെ യാത്രയിലൂടെ സ്വർണ്ണ പാത്രമാക്കി മാറ്റണം. ഓർമ്മയിൽ മത്സരിക്കണം.

2) ബാബയുടെ നിർദ്ദേശമനുസരിച്ച് നടന്ന്, പഠിപ്പ് ശ്രദ്ധയോടെ പഠിച്ച്, തന്റെ മേൽ സ്വയം തന്നെ കൃപ അഥവാ ആശിർവ്വാദം കാണിക്കണം, സ്വയത്തിന് രാജതിലകം നൽകണം. നിന്ദിക്കുന്നവരേയും തന്റെ മിത്രമാണെന്ന് മനസ്സിലാക്കി അവരുടെയും സദ്ഗതി ചെയ്യണം.

## വരദാനം - മുകളിൽ നിന്നും അവതരിക്കപ്പെട്ട അവതാരമെന്ന് മനസ്സിലാക്കി സേവനം ചെയ്യുന്ന സാക്ഷാത്കാരമൂർത്തിയായി ഭവിയ്ക്കട്ടെ.

എങ്ങനെയാണോ ബാബ സേവനത്തിനായി മുകളിൽ നിന്നും താഴേക്ക് വരുന്നത്, അതേപോലെ നമ്മളും സേവനത്തിനായാണ് വതനത്തിൽ നിന്നും താഴേക്ക് വന്നത്, ഇങ്ങനെയുള്ള അനുഭവം ചെയ്ത് സേവനം ചെയ്യുകയാണെങ്കിൽ, സദാ വേറിട്ടതും വിശ്വത്തിന് പ്രിയപ്പെട്ടതുമാകുന്നു. മുകളിൽ നിന്നും താഴേക്ക് വരുന്നു അർത്ഥം അവതാരമായി അവതരിച്ച് സേവനം ചെയ്യുക. എല്ലാവരും ആഗ്രഹിക്കുന്നത്, അവതാരം വന്ന് നമ്മെ കൂടെ കൊണ്ടു പോകണം എന്നാണ്. അപ്പോൾ സത്യമായ അവതാരം താങ്കളാണ്, എല്ലാവരെയും മുക്തിധാമത്തിലേക്ക് കൊണ്ടു പോകുന്നത്. എപ്പോഴാണോ അവതാരമെന്ന് മനസ്സിലാക്കി സേവനം ചെയ്യുന്നത്, അപ്പോൾ സാക്ഷാത്കാരമൂർത്തിയാകുന്നു. അനേകരുടെ ഇച്ഛകൾ പൂർത്തീകരിക്കപ്പെടുന്നു.

## സ്ലോഗൻ - താങ്കൾക്ക് മറ്റുള്ളവർ നല്ലത് തന്നാലും മോശമായത് തന്നാലും താങ്കൾ എല്ലാവർക്കും സ്നേഹവും ദയയും സഹയോഗവും നൽകൂ